# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2396 — 20.06.2012-ൽ മറുപടിക്ക്

## തോട്ടം മേഖലയിലെ തൊഴിലാളികളുടെ സേവന - വേതന പരിഷ്ക്കരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. എ.റ്റി.ജോർജ്ജ്<br>ശ്രീ. കെ.ശിവദാസൻ നായർ<br>ശ്രീ. വർക്കല കഹാർ | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) തോട്ടം മേഖലയിലെ തൊഴിലാളികളുടേയും അനുബന്ധ ജീവനക്കാരുടേയും സേവന - വേതന വ്യവസ്ഥകൾ പരിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) ഉണ്ട്. 22.05.2012 ലെ പിഎൽസി സെറ്റിൽമെൻറ് പ്രകാരം പ്ലാൻേറഷൻ തൊഴിലാളികളുടേയും അനുബന്ധ ജീവനക്കാരുടെയും സേവന വേതന വ്യവസ്ഥകൾ പരിഷ്ക്കരിച്ചിട്ടുണ്ട്. അതിൻപ്രകാരം തേയില തോട്ടം തൊഴിലാളികൾക്ക് 33.61 രൂപയും റബ്ബർ തോട്ടം തൊഴിലാളികൾക്ക് 80.62 രൂപയും കാപ്പിത്തോട്ടം തൊഴിലാളികൾക്ക് 38.61 രൂപയും ഏലത്തോട്ടം തൊഴിലാളികൾക്ക് 56.71 രൂപയും വർദ്ധിപ്പിച്ചിട്ടുണ്ട്. അനുബന്ധ ജീവനക്കാരുടേയും സേവന - വേതന വ്യവസ്ഥകൾ പരിഷ് ക്കരിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പരിഷ്ക്കരണത്തിന് എന്ന് മുതലാണ് പ്രാബല്യമുള്ളത്; | (ബി) റബ്ബർ, കാപ്പി, ഏലം തോട്ടം മേഖലയിലെ തൊഴിലാളികൾക്ക് 01.10.2011 മുതലും തേയില തോട്ടം തൊഴിലാളികൾക്ക് 15.11.2011 മുതലും പ്രാബല്യമുണ്ട്. |
| (സി) കുടിശ്ശിക വിതരണം ചെയ്യുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) 22.05.2012 ലെ പ്ലാൻേറഷൻ ലേബർ കമ്മിറ്റി സെറ്റിൽമെൻറ് പ്രകാരം 31.07.12 -നകം ശമ്പള കുടിശ്ശിക തൊഴിലുടമകൾ കൊടുത്തു തീർക്കേണ്ടതാണ്. |

സെക്ഷൻ ആഫീസർ